# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശ "2216-80-800-89(NP) ശീർഷകത്തിലുള്ള തുക മാറിനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 806/13/തസ്വഭവ തിരുവനന്തപുരം, തീയതി: 26.03.2013.

=====================================================

പരാമർശം:- 1) 07/11/2009-ലെ സ.ഉ(എം.എസ്)നം207/09/തസ്വഭവ.
2) 05.03.2013-ലെ സ.ഉ (സാധാ)നം. 566/13/തസ്വഭവ.

## <u>ഉത്തരവ്</u>

ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800(NP) ശീർഷകത്തിലുള്ള 32,40,59,465/- (മുപ്പത്തി രണ്ടു കോടി നാൽപ്പത് ലക്ഷത്തി അൻപത്തൊമ്പതിനായിരത്തി നാനൂറ്റി അറുപത്തി അഞ്ച് രൂപ) ചെലവാക്കാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, നഗരസഭ/കോർപ്പറേഷനുകൾക്കും താഴെപ്പറയും പ്രകാരം മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഗ്രാമപഞ്ചായത്ത് തലത്തിലെ പലിശയിനത്തിൽ 31.03.2012 വരെ ബാദ്ധ്യതയായ 17,80,61,876/- (പതിനേഴ് കോടി എൺപത് ലക്ഷത്തി അറുപത്തൊന്നായിരത്തി എണ്ണൂറ്റി എഴുപത്തി ആറ്) രൂപ പലിശയിനത്തിൽ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

2) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 31.12.2012 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 5,10,55,488/- (അഞ്ച് കോടി പത്ത് ലക്ഷത്തി അമ്പത്തയ്യായിരത്തി നാനൂറ്റി എൺപത്തി എട്ട്) രൂപയും, നഗരസഭകളിലും കോർപ്പറേഷനുകളിലും 31.03.2012 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 4,78,80,922/- (നാലു കോടി എഴുപത്തെട്ട് ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തി രണ്ട്) രൂപയും മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

3) ജില്ലാ പഞ്ചായത്ത് തലത്തിൽ പലിശയിനത്തിൽ 31.12.2012 വരെ ബാദ്ധ്യതയായ 5,63,43,925/- (അഞ്ച് കോടി അറുപത്തി മൂന്നു ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തി അഞ്ച് ) രൂപയിൽ മുകളിൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ചു കഴിഞ്ഞാൽ മേൽ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാക്കിയാകുന്ന

(.....2)

4,70,61,179/- (നാലുകോടി എഴുപത് ലക്ഷത്തി അറുപത്തൊന്നായിരത്തി നൂറ്റി എഴുപത്തി ഒൻപത്) രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതല പ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, സഹകരണ വകുപ്പ്.
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
ജില്ലാ കളക്ടർ, തൃശ്ശൂർ/കണ്ണൂർ/കാസർഗോഡ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
അക്ക ണ്ടന്റ് ജനറൽ (എ & ഇ /എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ധനകാര്യ (ഡെവ. വിംഗ്) വകുപ്പ് (27.12.2012-ലെ 101774/ഡെവ.2/12/ധന)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, , തൃശ്ശൂർ/കണ്ണൂർ/കാസർഗോഡ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
നഗരകാര്യ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന - ആസൂത്രണ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്